# റാന്നി ഓർത്തഡോക്സ് കൺവൻഷൻ ജൂബിലി ഉദ്ഘാടനം ചെയ്തു

റാന്നി : പൂർവ്വപിതാക്കന്മാർ കാട്ടിത്തന്ന വിശ്വാസസത്യങ്ങളെ മുറുകെപ്പിടിച്ച് മുന്നേറുന്നതോടൊപ്പം സാമൂഹികമായ കടമകൾ നിറവേറ്റാനുള്ള ഉത്തരവാദിത്വം മറക്കരുതെന്ന് നിലയ്ക്കൽ ഭദ്രാസനാധിപൻ അഭിവന്ദ്യ ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത. റാന്നി മാർ ഗ്രീഗോറിയോസ് കാതോലിക്കേറ്റ് സെന്ററിൽ റാന്നി-നിലയ്ക്കൽ ഓർത്തഡോക്സ് കൺവൻഷൻ സുവർണജൂബിലി വർഷാചരണം ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുക യായിരുന്നു അഭിവന്ദ്യ തിരുമേനി. വ്യക്തികളും സമൂഹങ്ങളും ദൈവരാജ്യത്തിന്റെ സന്ദേശവാഹകരായി മാറണം. ദൈവത്തിന്റെ ആലയത്തെക്കുറിച്ചുള്ള അവബോധം നഷ്ടപ്പെടാനിടയാകരുതെന്നും മെത്രാപ്പോലീത്ത പറഞ്ഞു. സുൽത്താൻ ബത്തേരി ഭദ്രാസനാധിപൻ അഭിവന്ദ്യ എബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. ഭദ്രാസന സെക്രട്ടറി റവ.ഫാ.ഷൈജു കുര്യൻ, റവ.ഫാ.എബി വർഗീസ്, റവ.ഫാ.ഏ.ജെ.ക്ലീമ്മീസ്, ശ്രീ.ജെയിംസ് ജോർജ്ജ് മാവേലിൽ, ശ്രീ.ജേക്കബ് മാത്യു, ശ്രീ.എം.എസ്.തോമസ് തുടങ്ങിയവർ പ്രസംഗിച്ചു. 49-ാമത് കൺവൻഷന് സമാപനം കുറിച്ച് നടന്ന വി.കുർബ്ബാനയ്ക്ക് അഭിവന്ദ്യ എബ്രഹാം മാർ എപ്പിഫാനിയോസ് മെത്രാപ്പോലീത്ത മുഖ്യകാർമ്മികത്വം വഹിച്ചു.